(ബി) ഈ റോഡുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ ഭരണാനുമതി എന്നത്തേയ്ക്ക് നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാരിന്റെ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കുറ്റ്യാടി മണ്ഡലത്തിലെ 5 റോഡുകളിൽ 3 റോഡുകളുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചുവരുന്നു :

1. കുറുവഞ്ചേരി കുറുങ്ങോട്ടുതാഴെ പാലയാട് റോഡ് (മണിയൂർ പഞ്ചായത്ത്) -95 ലക്ഷം
2. ചെരണ്ടത്തൂർ പോസ്റ്റ് ഓഫീസ് മാങ്ങാമൂഴി റോഡ് (മണിയൂർ പഞ്ചായത്ത്) - 98 ലക്ഷം
3. ഇരശ്ശേരി പാലത്തിനടുത്ത് നാളോങ്കണ്ടിമുക്ക് (അരക്കണ്ടിമുക്ക്) മുതൽ നെല്ലാച്ചേരിനട ചീർപ്പ് വരെയുള്ള റോഡ് (മണിയൂർ പഞ്ചായത്ത്)-79 ലക്ഷം

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

തീരദേശ റോഡുകളുടെ നിർമ്മാണം

98 (4433) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തീരദേശ റോഡുകളുടെ നിർമ്മാണത്തിനുള്ള പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്. 2009-10 സാമ്പത്തികവർഷം മുതൽ 'തീരദേശറോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ പദ്ധതി'യിൽ ഉൾപ്പെടുത്തി തീരദേശറോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തീരദേശത്തെ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, തീരദേശവാർഡുകൾ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ പാർക്കുന്ന സ്ഥലങ്ങൾ, ഉൾനാടൻ മത്സ്യഗ്രാമങ്ങൾ, കായൽ/റിസർവോയർ തീരങ്ങൾ, സർക്കാർവക മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലൂടെ കടന്നുപോകുന്ന റോഡുകളാണ്. 'തീരദേശറോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതി'യിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നത്. ടി തീരദേശ റോഡുകളുടെ നിർമ്മാണം/പുനരുദ്ധാരണത്തിലൂടെ അവിടത്തെ മത്സ്യത്തൊഴിലാളികളുടെ യാത്രാസൗകര്യം സുഗമമാക്കുകയും തദ്വാര ജീവിതനിലവാരം മെച്ചപ്പെടുത്തുകയുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) തീരദേശറോഡുകളുടെ നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ചുവരുന്നു.

(ഡി) ജനപ്രതിനിധികൾ, പ്രദേശവാസികൾ എന്നിവരിൽ നിന്ന് ലഭിക്കുന്ന നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകരിച്ചു നൽകുന്ന ലിസ്റ്റ് പ്രകാരം റോഡിന്റെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി സമർപ്പിക്കുന്നു. ടി റോഡുകൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കിവരുന്നു.

ഫിഷ് കിയോസ്കുകൾ

99 (4434) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. കഞ്ഞിരാമൻ (ഉദുമ) :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷ്മെയ്ഡ് എന്ന ബ്രാന്റിൽ സംസ്ഥാനത്തുടനീളം 100 ഫിഷ് കിയോസുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായോ ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണിവ സ്ഥാപിക്കപ്പെട്ടത് ; ഇത് സ്ഥാപിക്കുന്നതിനായി ഏതെങ്കിലും സ്വകാര്യ ഏജൻസിയെ നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(സി) മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ ഏതെല്ലാം സ്ഥലങ്ങളിൽ നിന്നും ഉൽപ്പാദിപ്പിച്ച് വിപണനം ആരംഭിച്ചിട്ടുണ്ട് ; നാളിതുവരെ നടത്തിയ വിൽപനയുടെ വിശദാംശങ്ങൾ നൽകാമോ ;

(ഡി) ഇതിനായി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച സഹായം എത്രയെന്നും വിനിയോഗിച്ചത് എത്രയെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly